പതിനാലാം കേരള നിയമസഭ
ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.323 — 22.08.2017 ൽ മറുപടിയ്ക്ക്

## അളവ് തൂക്ക വെട്ടിപ്പ് നടത്തുന്നവർക്കെതിരെ നടപടി

ചോദ്യം
ശ്രീ.അനൂപ് ജേക്കബ്
ശ്രീ.കെ.സി.ജോസഫ്
ശ്രീ.എ.പി.അനിൽകുമാർ
ശ്രീ.റോജി.എം.ജോൺ

ഉത്തരം
ശ്രീ.പി.തിലോത്തമൻ
(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| എ) | ലീഗൽ മെട്രോളജി വകുപ്പിന്റെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ ; | എ) | ഉണ്ട്. |
| ബി) | അളവ് തൂക്ക വെട്ടിപ്പ് നടത്തുന്നവർക്കെതിരെ നടപടി സ്വീകരിക്കുവാൻ വകുപ്പിന് എത്രമാത്രം കഴിയുന്നുണ്ട് എന്നറിയിക്കാമോ ; | ബി) | ജില്ലാതലത്തിൽ ജനറൽ അസിസ്റ്റന്റ് കൺട്രോളർമാരും ഫ്ലൈയിംഗ് സ്ക്വാഡ് അസിസ്റ്റന്റ് കൺട്രോളർമാരും താലൂക്ക് തലത്തിൽ ഇൻസ്പെക്ടർമാരും ലീഗൽ മെട്രോളജി നിയമപ്രകാരമുള്ള പരിശോധന ജോലികളും വെരിഫിക്കേഷൻ ജോലികളും നടത്തിവരുന്നു. ഉപയോക്താക്കൾ ഉപയോഗിക്കുന്ന അളവ് തൂക്ക ഉപകരണങ്ങൾ പരിശോധനാ വിധേയമാക്കി നിയമം അനുശാസിക്കുന്ന പ്രകാരമുള്ളവ മുദ്ര ചെയ്യും അല്ലാതെയുള്ളവ തിരസ്കരിച്ചും വെരിഫിക്കേഷൻ ജോലികൾ കാലാനുസൃതമായി ലീഗൽ മെട്രോളജി വകുപ്പ് ചെയ്ത് വരുന്നു. കൃത്യമായ അളവിലും തൂക്കത്തിലുമാണ് സാധനങ്ങൾ ഉപഭോക്താവിന് ലഭിക്കുന്നത് എന്ന് ഉറപ്പാക്കുന്നതിനായി മിന്നൽ പരിശോധനകൾ നടത്തി കുറ്റം ചെയ്യുവർക്കെതിരെ നടപടികൾ സ്വീകരിക്കുകയും ചെയ്ത് വരുന്നു. പായ്ക്ക് ചെയ്ത ഉൽപന്നങ്ങൾ നിശ്ചിത അളവിലും തൂക്കത്തിലും തന്നെയാണ് പായ്ക്ക് ചെയ്തത് എന്നത് സംബന്ധിച്ച പരിശോധനകൾ നടത്തുന്നതിലേക്ക് കേരള ലീഗൽ മെട്രോളജി വകുപ്പിന് ഒരു നെറ്റ് കണ്ടന്റ് വെരിഫിക്കേഷൻ യൂണിറ്റ് ഉണ്ട്. പ്രസ്തുത യൂണിറ്റ് ഉൽപാദകർ/ ഇംപോർട്ടർ/പായ്ക്കർ എന്നീ സ്ഥാപനങ്ങളിൽ പരിശോധനകൾ നടത്തി അളവിലും തൂക്കത്തിലും കുറവ് വരുത്തി പായ്ക്ക് ചെയ്ത് നിയമലംഘനം നടത്തുന്നവർക്കെതിരെ പ്രോസിക്യൂഷൻ ഉൾപ്പെടെയുള്ള നിയമ നടപടികൾ സ്വീകരിക്കാറുണ്ട്. |

| | | | |
|---|---|---|---|
| സി) | പെട്രോൾ പമ്പുകളിൽ നടക്കുന്ന അളവിലെ തട്ടിപ്പ് തടയുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടി വിശദമാക്കുമോ ? | സി) | പരിശോധനയിൽ പെട്രോൾ പമ്പുകളിൽ (ഫ്യൂവൽ ഡിസ്പെൻസിംഗ് ഔട്ട് ലെറ്റുകളിൽ) അനുവദനീയമായ പരിധിയിലും കവിഞ്ഞ് കുറവ് കാണുന്ന അവസരങ്ങളിൽ അവയിലൂടെ ഉള്ള ഇന്ധന വിതരണം നിർത്തിവെച്ച് ന്യൂനത പരിഹരിച്ചതിന് ശേഷം മാത്രം ഇന്ധനവിതരണത്തിന് അനുമതി നല്കുകയാണ് ചെയ്യുന്നത്. |

സെക്ഷൻ ഓഫീസർ